പതിനാലാം കേരള നിയമസഭ

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
(2019-2021)

പത്തൊൻപതാമത് റിപ്പോർട്ട്

(2019 ജൂൺ 27-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019

പതിനാലാം കേരള നിയമസഭ

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി

(2019-2021)

പത്തൊൻപതാമത് റിപ്പോർട്ട്

(2019 ജൂൺ 27-ാം തീയതി സമർപ്പിച്ചത്)

[പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

848/2019.

ഉള്ളടക്കം

		പേജ്
സമിതിയുടെ ഘടന	..	v
അവതാരിക	..	vii
റിപ്പോർട്ട്	..	1
അനുബന്ധം	..	16

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2019-2021)

ഘടന

അദ്ധ്യക്ഷൻ :

ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.

അംഗങ്ങൾ :

ശ്രീ. ജി. എസ്. ജയലാൽ, എം.എൽ.എ.

ശ്രീ. എം. മുകേഷ്, എം.എൽ.എ.

ശ്രീ. കെ. ഡി. പ്രസേനൻ, എം.എൽ.എ.

ശ്രീമതി യു. പ്രതിഭ, എം.എൽ.എ.

ശ്രീ. റോജി എം. ജോൺ, എം.എൽ.എ.

ശ്രീ. എൻ. ഷംസുദ്ദീൻ, എം.എൽ.എ.

ശ്രീ. ഷാഫി പറമ്പിൽ, എം.എൽ.എ.

ശ്രീ. എ. എൻ. ഷംസീർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. സി. ജോസ്, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി

ശ്രീ. ഡി. ഡി. ഗോഡ്ഫ്രി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ദീപ വി., അണ്ടർ സെക്രട്ടറി.

അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2019-2021)-യുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെട്ടതിയതനുസരിച്ച്, സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പതിമൂന്നാമത് കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത്.

പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-2014)-യുടെ പതിമൂന്നാമത് റിപ്പോർട്ട് 2013 ഏപ്രിൽ 9-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേലും നിർദ്ദേശങ്ങളിന്മേലും സ്വീകരിച്ച നടപടികൾ സംബന്ധിച്ച സർക്കാർ മറുപടി വിവിധ യോഗങ്ങളിലായി സമിതി പരിഗണിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

24-6-2019-ൽ ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

മുരളി പെരുനെല്ലി,
അദ്ധ്യക്ഷൻ,
സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.

തിരുവനന്തപുരം,
2019 ജൂൺ 24.

റിപ്പോർട്ട്

പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-2014)-യുടെ പതിമൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

അദ്ധ്യായം I

കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി(2011-2014)-യുടെ പതിമൂന്നാമത് റിപ്പോർട്ട് 2013 ഏപ്രിൽ 9-ാം തീയതി സഭയിൽ സമർപ്പിച്ചു. 2007-ലെ കേരള ആയുർവ്വേദ ആരോഗ്യ കേന്ദ്രങ്ങൾ (അംഗീകാര പത്രം നൽകലും നിയന്ത്രിക്കലും) ആക്ടിലെ 12-ാം വകുപ്പിലെ അധികാരം വിനിയോഗിച്ച് പുറപ്പെടുവിച്ച 1106/2008 നമ്പർ എസ്.ആർ.ഒ. 2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ടിലെ 38-ാം വകുപ്പിലെ അധികാരം വിനിയോഗിച്ച് പുറപ്പെടുവിച്ച 1082/2007 നമ്പർ എസ്.ആർ.ഒ., പ്രസ്തുത ആക്ടിലെ 3-ാം വകുപ്പിലെ അധികാരം വിനിയോഗിച്ച് പുറപ്പെടുവിച്ച 355/2007, 642/2009 എന്നീ നമ്പറുകളിലെ എസ്.ആർ.ഒ.-കൾ, 19(2) വകുപ്പിലെ അധികാരം വിനിയോഗിച്ച് 2009-ൽ പുറപ്പെടുവിച്ച 156 മുതൽ 169 വരെയുള്ള നമ്പറുകളിലെ എസ്.ആർ.ഒ.-കൾ, 2010-ലെ മൂന്നാർ പ്രത്യേക ടൈബ്യൂണൽ ആക്ടിലെ 3-ാം വകുപ്പിലെ അധികാരം വിനിയോഗിച്ച് പുറപ്പെടുവിച്ച 881/2010, 882/2010, 315/2011 എന്നീ നമ്പറുകളിലെ എസ്.ആർ.ഒ.-കൾ എന്നിവ സമിതിയുടെ വിവിധ യോഗങ്ങളിൽ സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തുകയും ചെയ്യുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിലുള്ള സമിതിയുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ശിപാർശകളും പ്രസ്തുത റിപ്പോർട്ടിലെ 2 മുതൽ 33 വരെയുള്ള ഖണ്ഡികകളിൽ ഉൾപ്പെട്ടിരുന്നു.

പ്രസ്തുത റിപ്പോർട്ടിലെ 2 മുതൽ 6 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ നിന്നും ലഭിച്ച 2-8-2014-ലെ കത്ത് മുഖേനയുള്ള മറുപടി 17-9-2014-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അധികവിവരമാരായുകയും ചെയ്തതിൻ പ്രകാരം ലഭ്യമാക്കിയ 15-5-2018-ലെ കത്ത് പ്രകാരമുള്ള അന്തിമ മറുപടി 12-9-2018-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.

റിപ്പോർട്ടിലെ 10, 13, 14, 15, 16, 19, 20, 21, 22, 25, 27 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ 10-5-2016-ലെ കത്ത് മുഖേന ഗതാഗത വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് 21-6-2017-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും 10, 13, 14, 15, 16, 20, 22, 25, 27 എന്നീ നമ്പറുകളിലെ ഖണ്ഡികളിന്മേലുള്ള മറുപടി അംഗീകരിക്കുകയും 19, 21 എന്നീ നമ്പറുകളിലെ ഖണ്ഡികകളിന്മേൽ അധികവിവരമാരായുകയും തുടർന്ന് വകുപ്പ് സ്വീകരിച്ച നടപടികളിന്മേൽ വ്യക്തത വരുത്തുന്നതിനായി 25-10-2017-ൽ തെളിവെടുപ്പ് നടത്തുകയും പ്രസ്തുത യോഗത്തിൽ 10; 13, 14, 15, 16, 20, 22, 25, 27 എന്നീ ഖണ്ഡികകളിന്മേൽ ഗതാഗത വകുപ്പ് 24-10-2017-ലെ കത്ത് മുഖേന വീണ്ടും സമർപ്പിച്ച

മറുപടി സമിതി അംഗീകരിക്കുകയും തെളിവെടുപ്പ് യോഗത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകുകയും ചെയ്യ. 19, 21 എന്നീ നമ്പറുകളിലെ ശിപാർശകളിന്മേലുള്ള അധികവിവര റിപ്പോർട്ട് ഗതാഗത വകുപ്പിൽ നിന്നും ലഭിച്ചിട്ടില്ല.

റിപ്പോർട്ടിലെ 31-ാം നമ്പർ ഖണ്ഡികയിന്മേൽ മറുപടി ലഭിക്കാത്തതിനാൽ 3-6-2015-ൽ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും സമിതി തെളിവെടുപ്പ് നടത്തുകയും പ്രസ്തുത യോഗത്തിൽ 2-6-2015-ലെ കത്ത് മുഖേന വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെയും 3-6-2015-ൽ പ്രിൻസിപ്പൽ സെക്രട്ടറിയുമായി നടത്തിയ ചർച്ചയുടെയും അടിസ്ഥാനത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരം 21-12-2017-ലെ കത്ത് മുഖേന വകുപ്പ് ലഭ്യമാക്കുകയും ആയത് 11-4-2018-ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും ചെയ്യ.

റിപ്പോർട്ടിലെ 29, 30, 32, 33 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ആഭ്യന്തര വകുപ്പ് 24-7-2015-ലെ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി 22-9-2015-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അധികവിവരമാരായുകയും ചെയ്യ. പ്രസ്തുത ഖണ്ഡികകൾ മൂന്നാർ സ്പെഷ്യൽ ടൈബ്യൂണൽ ആക്ടിന് കീഴിൽ ചട്ടങ്ങൾ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ടവയാണ്. എന്നാൽ 25-7-2018-ലെ ക്യാബിനറ്റ് തീരുമാനം മുഖേന മൂന്നാർ സ്പെഷ്യൽ ടൈബ്യൂണലിന്റെ പ്രവർത്തനം അവസാനിപ്പിക്കുകയും 2010-ലെ മൂന്നാർ പ്രത്യേക ടൈബ്യൂണൽ ആക്ട് പിൻവലിക്കുന്നതിനുള്ള നിയമപരമായ നടപടി നടക്കുകയും ചെയ്യുന്നതിനാൽ പ്രസ്തുത ശിപാർശകളിന്മേൽ തുടർ നടപടി സ്വീകരിക്കേണ്ടതില്ലെന്ന് 14-5-2019-ലെ യോഗത്തിൽ സമിതി തീരുമാനിക്കുകയുണ്ടായി.

സമിതി (2011-2014)-യുടെ പതിമൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളും അവയ്ക്ക് ലഭിച്ച സർക്കാർ മറുപടിയും സമിതി ആവശ്യപ്പെട്ട അധികവിവരവും അവയ്ക്ക് ലഭിച്ച മറുപടിയും അദ്ധ്യായം II-ലും സമിതിയുടെ തുടർ ശിപാർശകൾ അദ്ധ്യായം III-ലും ഉൾക്കൊള്ളിച്ചിരിക്കുന്നു. **അദ്ധ്യായം III-ലെ സമിതിയുടെ തുടർ ശിപാർശകൾക്ക്, ഗതാഗത വകുപ്പ് അടിയന്തരമായി മറുപടി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

അദ്ധ്യായം II

സമിതി (2011-2014)-യുടെ 13-ാമത് റിപ്പോർട്ടിലെ ശിപാർശകൾ, അധികവിവരം സർക്കാർ മറുപടി എന്നിവ

ശിപാർശ (ഖണ്ഡിക 2)

2007-ലെ കേരള ആയുർവ്വേദ ആരോഗ്യ കേന്ദ്രങ്ങൾ (അംഗീകാരപത്രം നൽകലും നിയന്ത്രിക്കലും) ആക്ട് പാസാക്കി അഞ്ചുവർഷങ്ങൾക്കുശേഷവും ആക്ടിന് പ്രാബല്യം നൽകിയിട്ടില്ല എന്നത് ഉത്തരമായ വീഴ്ചയാണെന്ന് സമിതി വിലയിരുത്തുന്നു. ആക്ടിന് പ്രാബല്യം നൽകാതെ ചട്ടങ്ങൾ പുറപ്പെടുവിച്ചത് കൊണ്ടുമാത്രം ആക്ടിൽ വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിയുകയില്ലെന്ന് നിരീക്ഷിച്ച സമിതി ഇത് പരിഹരിക്കാനുള്ള നടപടി എത്രയും പെട്ടെന്ന് സ്വീകരിച്ച് സമിതിയെ അറിയിക്കണമെന്ന് നിർദ്ദേശിക്കുന്നു.

ശിപാർശ (ഖണ്ഡിക 3)

സബ്ജക്ട് കമ്മിറ്റി തന്നെ ഭേദഗതി വരുത്തുന്നതിന് നിർദ്ദേശിച്ച പ്രസ്തുത നിയമത്തിന് ആവശ്യമായ ഭേദഗതി വരുത്തുന്ന കാര്യത്തിൽ അനാവശ്യമായ കാലതാമസം വരുത്തുന്നത് ഒഴിവാക്കണമെന്നും ഇക്കാര്യത്തിലുള്ള ഭേദഗതി ആക്ടിൽ തന്നെ വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക 4)

കേരളത്തിൽ ആയുർവ്വേദ ആരോഗ്യ കേന്ദ്രങ്ങൾ പല പേരുകളിലും വ്യാപകമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അവയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തി മെച്ചപ്പെട്ട സേവന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമായി നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്നും അതിനനുസൃതമായി ചട്ടങ്ങളിലും ഭേദഗതി വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2007-ലെ കേരള ആയുർവ്വേദ ആരോഗ്യ കേന്ദ്രങ്ങൾ (അംഗീകാര പത്രം നൽകലും നിയന്ത്രിക്കലും) ആക്ട് പാസാക്കിയെങ്കിലും അത് നടപ്പിലാക്കുന്നതിൽ അപാകതയുണ്ടെന്ന് പരാതി ഉയർന്നതിനെ തുടർന്ന് സർക്കാരിൽ നിന്ന് ഒരു കമ്മിറ്റിയെ നിയോഗിക്കുകയും ടി കമ്മിറ്റി നിയമത്തിൽ ചില ഭേദഗതികൾ നിർദ്ദേശിക്കുകയുമുണ്ടായി. എന്നാൽ ഇതിന് 2013-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബില്ലിൽ ആയുർവ്വേദ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനുള്ള വ്യവസ്ഥകളും ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ 2007-ൽ നിലവിൽ വന്ന നിയമം റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ശിപാർശ (ഖണ്ഡിക 5)

തെറാപ്പിസ്റ്റ്/മാസ്സിയർ യോഗ്യതയുള്ളവരുടെ അഭാവം ആയുർവ്വേദ ആരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പിന് തടസ്സമാകുമെന്ന് സമിതിക്ക് ബോധ്യപ്പെട്ടതിനാൽ അത്തരത്തിലുള്ള അംഗീകൃത കോഴ്സുകൾ ആവശ്യാനുസരണം കേരളത്തിൽ ആരംഭിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

സ്വീകരിച്ച നടപടി

ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള 3 സർക്കാർ കോളേജുകളിലും 2 എയ്ഡഡ് കോളേജുകളിലും 16 സ്വാശ്രയ കോളേജുകളിലും സർക്കാർ അംഗീകൃത തെറാപ്പിസ്റ്റ് കോഴ്സുകൾ നടത്തിവരുന്നു. 2012-13 വർഷം വകുപ്പിൽ നിന്നും 475 വിദ്യാർത്ഥികൾക്ക് തെറാപ്പിസ്റ്റ് കോഴ്സിലേക്ക് പ്രവേശനം നൽകിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 6)

ആയുർവ്വേദ ആരോഗ്യ കേന്ദ്രങ്ങൾ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നതിനായി ഇത്തരം കേന്ദ്രങ്ങൾ ഒരു പ്രത്യേക കൗൺസിലിന്റെ കീഴിൽ വരുത്തുകയും കൗൺസിൽ തന്നെ ലൈസൻസിംഗ് അതോറിറ്റിയായി പ്രവർത്തിക്കുകയും അവ സംബന്ധിച്ചുള്ള എല്ലാ പ്രവർത്തനങ്ങളും ആ കൗൺസിലിൽ നിക്ഷിപ്തമാക്കുകയും ചെയ്യുകയാണ് ഉത്തമമെന്നും സമിതി അഭിപ്രായപ്പെടുന്നു.

സ്വീകരിച്ച നടപടി

2013-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ പാസ്സാക്കി നിയമമാകുന്നതോടെ ആയുർവ്വേദ ആരോഗ്യ കേന്ദ്രങ്ങൾ അതിന്റെ പരിധിയിൽ വരികയും അപ്രകാരം പ്രസ്തുത സ്ഥാപനങ്ങൾ ഒരു ലൈസൻസിംഗ് അതോറിറ്റിയുടെ കീഴിൽ വരികയും ചെയ്യുന്നതാണ്.

(ആരോഗ്യ കുടുംബക്ഷേമ വകുപ്പ് 2-8-2014-ലെ 28674/ഡി1/13/ആ.കു.വ., നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 17-9-2014-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു.)

സമിതി 17-9-2014 -ൽ ആവശ്യപ്പെട്ട അധികവിവരം

പ്രസ്തുത നിയമവുമായി ബന്ധപ്പെട്ട് എത്രയും വേഗം നിയമനിർമ്മാണം നടത്തുക.

അധിക വിവരത്തിന്മേൽ ലഭ്യമാക്കിയ മറുപടി

കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ കേരള നിയമസഭ 1-2-2018 -ന് പരിഗണിക്കുകയും പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച കരട് ചട്ടങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. വിവിധ തലങ്ങളിലെ പരിശോധനകൾ പുരോഗമിച്ചുവരുന്നു.

(ആരോഗ്യ കുടുംബക്ഷേമ വകുപ്പ് 15-5-2018-ലെ FW1/215/2008/Health നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ അധിക വിവരം 12-9-2018-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

ശിപാർശ (ഖണ്ഡിക 10)

2007-ലെ കേരള റോഡ് സുരക്ഷ അതോറിറ്റി ആക്ടിന്റെ എല്ലാ എനേബ്ലിംഗ് പ്രൊവിഷൻസിനും അനുസൃതമായ ഖണ്ഡികകൾ ചട്ടങ്ങളിൽ വന്നിട്ടില്ലെന്നും ചട്ടങ്ങൾ സമയബന്ധിതമായി പുറപ്പെടുവിച്ചതിനാലാണ് വ്യവസ്ഥകൾ എല്ലാം ഉൾപ്പെടുത്താൻ സാധിക്കാതിരുന്നതെന്നും ആയതിനാൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതുണ്ടെന്നും ഗതാഗത വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. അതിനാൽ ചട്ടങ്ങൾ മുഖേന നിർണയിക്കപ്പെടേണ്ടതാണെന്ന് ആക്ടിൽ പ്രതിപാദിച്ചിട്ടുള്ള എല്ലാ വകുപ്പുകൾക്കും വ്യക്തവും നിയതവുമായ ചട്ടങ്ങൾ രൂപീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സ്വീകരിച്ച നടപടി

കേരള റോഡ് സുരക്ഷാ അതോറിറ്റി നിയമം 2007-ൽ അതോറിറ്റി നിർവ്വഹിക്കേണ്ട ചുമതലകളടങ്ങുന്ന 38(2) (എ) വകുപ്പ്, ടി നിയമത്തിലെ 10-ാം വകുപ്പ് പ്രകാരം പിരിക്കേണ്ട സെസ്സിന്റെ തീയതിയും സമയവും സംബന്ധിച്ച 38(2) (ബി) വകുപ്പ്, കേരള റോഡ് സുരക്ഷാ ഫണ്ടിന്റെ നടത്തിപ്പ് ഏത് രീതിയിലെന്ന് പറയുന്ന 38(2) (സി) വകുപ്പ്, ഫണ്ട് ഏതൊക്കെ ആവശ്യങ്ങൾക്ക് ഉപയോഗിക്കണമെന്ന് പറയുന്ന 38(2)(ഡി) വകുപ്പ്, കേരള റോഡ് സുരക്ഷാ അതോറിറ്റിയിലെ ഉദ്യോഗസ്ഥരുടെയും മറ്റ് ജീവനക്കാരുടെയും ഉദ്യോഗപ്പേരും നിയമന രീതിയും മറ്റ് സേവന വ്യവസ്ഥകളുമടങ്ങുന്ന 38(2)(ഇ) വകുപ്പ്, ഫണ്ടിന്റെ കണക്ക് ഏത് രീതിയിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിരിക്കുന്ന 38(2) (എഫ്) വകുപ്പ്, വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള തീയതിയും സമയവും ക്ലിപ്തപ്പെടുത്തിയിരിക്കുന്ന 38(2) (ജി) വകുപ്പ്, ടി നിയമത്തിന്റെ 30-ാം വകുപ്പ് പ്രകാരം അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള സമയവും തീയതിയും നിജപ്പെടുത്തിയിരിക്കുന്ന 38(2) (എച്ച്) എന്നീ വകുപ്പുകൾ അനുസരിച്ചാണ് ചട്ടങ്ങൾ രൂപീകരിക്കേണ്ടത്. ഇതിൽ 38(2) (ബി), 38(2)(സി), 38(2)(എഫ്), 38(2)(ജി), 38(2)(എച്ച്) എന്നീ വകുപ്പുകൾക്ക് 26-12-2007-ലെ ജി.ഒ.(പി) നമ്പർ 55/2007/ഗതാ. പ്രകാരം 1082/2007 നമ്പർ എസ്.ആർ.ഒ.യും 38(2)(ഇ) വകുപ്പിന് 22-10-2010-ലെ ജി.ഒ.(പി) നമ്പർ 79/2010/ഗതാ. പ്രകാരം 1120/2010 നമ്പർ എസ്.ആർ.ഒ.-യും പുറപ്പെടുവിച്ചിട്ടുണ്ട്. ചട്ടങ്ങൾ പുറപ്പെടുവിക്കേണ്ട ആക്ടിലെ ശേഷിക്കുന്ന 38(2)(എ), (ഡി) വകുപ്പുകൾ സംബന്ധിച്ച വിശദീകരണം ചുവടെ ചേർക്കുന്നു:

സെക്ഷൻ 38(2)(എ)-അതോറിറ്റി നിർവ്വഹിക്കേണ്ട ചുമതലകൾ, 2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ടിലെ 4 (എ) മുതൽ (എം) വരെയുള്ള വകുപ്പിൽ തന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആക്ടിലെ 4(എൻ) വകുപ്പ് പ്രകാരം കൂടുതൽ ചുമതലകൾ ഉൾപ്പെടുത്തുന്നതിന് അതോറിറ്റി തീരുമാനം ആവശ്യമാണ്. അപ്രകാരം തീരുമാനിച്ച് റോഡ് സുരക്ഷാ കമ്മീഷണറിൽ നിന്നും ആക്ട് ഭേദഗതിക്കുള്ള നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ 38(2)(ഡി)-ഫണ്ട് ഏത് ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കണമെന്ന വ്യവസ്ഥ സംബന്ധിച്ച് 2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ടിലെ 13 (എ) മുതൽ (ജി) വരെയുള്ള വകുപ്പുകളിൽ തന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആക്ടിലെ 13(എച്ച്) വകുപ്പ് പ്രകാരം കൂടുതൽ ആവശ്യങ്ങൾ നിർണ്ണയിക്കുന്നതിന് അതോറിറ്റി തീരുമാനം ആവശ്യമാണ് അപ്രകാരം അതോറിറ്റി തീരുമാനിച്ച് റോഡ് സുരക്ഷാ കമ്മീഷണറിൽ നിന്നും ആക്ട് ഭേദഗതിക്കുള്ള നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഗതാഗത വകുപ്പ് 2-6-2015-ലെ 9236/ഡി3/13 ഗതാ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 21-6-2017-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)

ശിപാർശ (ഖണ്ഡിക 13)

റോഡ് സുരക്ഷാ അതോറിറ്റി ആക്ടിലെ 11(2) വകുപ്പ് പ്രകാരം ഫണ്ടിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ള ഇക വിവിധ പ്രോജക്ടുകൾക്കായും ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്കുമായും നൽകുന്നത് അതോറിറ്റിയുടെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും തീരുമാന പ്രകാരമാണെന്നും ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണറാണെന്നും സമിതിക്ക് ബോധ്യപ്പെട്ടു. കോടിക്കണക്കിന് രൂപ ഇപ്രകാരം ചെലവഴിക്കുന്നതിനുള്ള ചുമതല വിവിധങ്ങളായ ഉത്തരവാദിത്വങ്ങൾക്കിടയിൽ ഒരു ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണറുടെ ചുമതലയിൽ മാത്രം നിക്ഷിപ്തമാക്കിയിരിക്കുന്നതിൽ സമിതി വിയോജിക്കുന്നു. ആയതിനാൽ ഫണ്ടിന്റെ കാര്യക്ഷമമായ നടത്തിപ്പിനായി ആയതിന്റെ പ്രത്യേക ഉത്തരവാദിത്വം ഒരു ഉദ്യോഗസ്ഥനിൽ മാത്രം നിക്ഷിപ്തമാക്കിക്കൊണ്ട് മറ്റ് ജോലികളിൽ നിന്നും അദ്ദേഹത്തെ ഒഴിവാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

8-4-2008-ലെ സ.ഉ.(എം.എസ്.) നമ്പർ 17/2008/ഗതാ. നമ്പർ ഉത്തരവ് പ്രകാരം റോഡ് സുരക്ഷാ അതോറിറ്റിയിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായി പൊളിതരണ വകുപ്പിലെ അണ്ടർ സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി പദവിയിലുള്ള ഉദ്യോഗസ്ഥനെയും അക്കൗണ്ട്സ് ഓഫീസറായി ധനകാര്യ വകുപ്പിൽ നിന്നും അക്കൗണ്ട്സ് ഓഫീസർ/അണ്ടർ സെക്രട്ടറി പദവിയിലുള്ള ഉദ്യോഗസ്ഥനെയും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.

(ഗതാഗത വകുപ്പ് 24-10-2017-ലെ 9236/ഡി2/13/ഗതാ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 25-10-2017-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ (ഖണ്ഡിക 14)

റോഡ് സുരക്ഷാ അതോറിറ്റി ആറ് മാസത്തിലൊരിക്കൽ യോഗം ചേരാറുണ്ടെന്നും എന്നാൽ ജില്ലാ കൗൺസിലുകൾ പലതും കൃത്യമായി യോഗം ചേരാറില്ലെന്നും സമിതി മനസ്സിലാക്കുന്നു. റോഡ് സുരക്ഷാ അതോറിറ്റി ആക്ടിലെ 19-ാം വകുപ്പിൽ ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളുടെ രൂപീകരണത്തെ സംബന്ധിച്ചും അതോറിറ്റിക്ക് ഏൽപ്പിച്ചുകൊടുക്കാവുന്ന അധികാരങ്ങളെ സംബന്ധിച്ചും പരാമർശം ഉണ്ടെങ്കിലും ജില്ലാ കൗൺസിലുകൾ യോഗം ചേരുന്നതിന്റെ കാലയളവോ രീതിയോ പ്രതിപാദിച്ചിട്ടുള്ളതായി കാണുന്നില്ല. ഓരോ ജില്ലയും റോഡ് സുരക്ഷയെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ ജില്ലാ റോഡ് സുരക്ഷാ കൗൺസിലിന് സമർപ്പിക്കാവുന്നതാണെന്ന് തെളിവെടുപ്പ് വേളയിൽ സമിതി മുമ്പാകെ ഹാജരായ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വ്യക്തമാക്കിയിരിക്കുന്ന സാഹചര്യത്തിൽ യോഗങ്ങൾ ചേരുന്നതിനുള്ള രീതിയും കാലയളവും ഒരു ഭേദഗതിയിലൂടെ ആക്ടിൽത്തന്നെ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ യോഗം മാസത്തിൽ ഒരിക്കൽ ചേരുന്നതിനുള്ള ആക്ട് ഭേദഗതി കാലയളവ് നിശ്ചയിച്ചുകൊണ്ടുള്ള നിർദ്ദേശം 10243/ഡി3/2010/ഗതാ. നമ്പർ ഫയലിൽ നടപടി സ്വീകരിക്കുന്നുണ്ട്.

(ഗതാഗത വകുപ്പ് 24-10-2017-ലെ 9236/ഡി3/2010/ഗതാ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 25-10-2017-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ (ഖണ്ഡിക 15)

ആക്ടിലെ 19 (3) വകുപ്പ് പ്രകാരം റോഡ് സുരക്ഷാ അതോറിറ്റി, ജില്ലാ കൗൺസിലുകൾക്ക് എന്തൊക്കെ അധികാരങ്ങളാണ് ഏൽപ്പിച്ചുകൊടുത്തതെന്ന് സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുക.

സ്വീകരിച്ച നടപടി

15-12-2010-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 573/2010/ഗതാ. നമ്പർ ഉത്തരവ് പ്രകാരം താഴെപ്പറയുന്ന അധികാരങ്ങൾ ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് നൽകിയിട്ടുണ്ട്;

(എ) കേരള റോഡ് സുരക്ഷാ അതോറിറ്റി നിയമം 2002-ലെ 13-ാം വകുപ്പ് പ്രകാരം ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് നൽകുന്ന ഇനങ്ങൾ, കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ചെയർമാനെ അറിയിച്ചുകൊണ്ട് ചെലവാക്കുക.

(ബി) കേരള റോഡ് സുരക്ഷാ അതോറിറ്റി നിയമം 2007-ലെ 4 (ഇ) വകുപ്പ് പ്രകാരം റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടികൾ നടത്തുക.

(സി) ടി നിയമത്തിലെ വകുപ്പ് 4 (എഫ്) പ്രകാരം ജില്ലാ റോഡ് സുരക്ഷാ കൗൺസിലിന് അനുവദിക്കുന്ന ഫണ്ട് വിനിയോഗിക്കുക.

(ഡി) റോഡ് സുരക്ഷാ പദ്ധതികൾക്കും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനുമുള്ള ചെലവ് അനുവദിക്കുക.

(ഇ) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ചുള്ള പഠനങ്ങൾക്കും പദ്ധതികൾക്കും ഗവേഷണങ്ങൾക്കും ഫണ്ട് അനുവദിക്കുക.

(എഫ്) ട്രോമാകെയർ പരിപാടികൾക്ക് ഫണ്ട് അനുവദിക്കുക.

(ജി) ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളുടെ ഭരണപരമായ ചെലവുകൾക്കായി ഇക അനുവദിക്കുക.

(എച്ച്) ടി നിയമത്തിലെ 15-ാം വകുപ്പ് പ്രകാരം കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർമാനെ അറിയിച്ചുകൊണ്ട് ആവശ്യമെന്ന് കാണുന്ന പൊതുനിരത്തുകളുടെ നിർമ്മാണവും മെച്ചപ്പെടുത്തൽ പണികളും ചെയ്യുന്നതിനുള്ള ഉത്തരവ് നൽകുക.

(ഐ) ടി നിയമം വകുപ്പ് 16 പ്രകാരം കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർമാനെ അറിയിച്ചുകൊണ്ട് ചെലവ് തുക തിരിച്ച് പിടിക്കുക.

(ഗതാഗത വകുപ്പ് 2-6-2015-ലെ 9236/ഡി2/13/ഗതാ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 21-6-2017-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ (ഖണ്ഡിക 16)

ജില്ലാ കൗൺസിലുകൾ വാർഷിക പദ്ധതി തയ്യാറാക്കുവാനുള്ള വ്യവസ്ഥകൾ ചട്ടത്തിൽ ഉൾപ്പെടുത്തി ചട്ടങ്ങൾ ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ടിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് വേണ്ടിയുള്ള നിർദ്ദേശങ്ങൾ 10243/ഡി3/2010/ഗതാ. ഫയലിൽ സ്വീകരിച്ച് വരുന്നു. ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ വാർഷിക പദ്ധതികൾ തയ്യാറാക്കുമ്പോൾ സുപ്രീംകോടതി റോഡ് സുരക്ഷാ കമ്മിറ്റിയുടെ നിർദ്ദേശങ്ങളും ഉൾപ്പെടുത്തുന്നതാണ്.

(ഗതാഗത വകുപ്പ് 24-10-2017-ലെ 9236/ഡി2/13/ഗതാ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 25-10-2017-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ (ഖണ്ഡിക 19)

വിവിധ ഇനങ്ങളിലായി കേരള റോഡ് സുരക്ഷാ അതോറിറ്റി പിരിച്ചെടുത്ത് ഖജനാവിൽ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടയ്ക്കുന്ന തുക പൂർണ്ണമായും റീ-അപ്രോപ്രിയേഷൻ മുഖേന അതോറിറ്റിക്ക് മടക്കി നൽകുവാൻ നടപടി സ്വീകരിക്കുക.

സ്വീകരിച്ച നടപടി

കേരള റോഡ് സുരക്ഷാ അതോറിറ്റി നേരിട്ട് പദ്ധതികളൊന്നും ആവിഷ്കരിച്ച് നടപ്പാക്കുന്നില്ല. മറിച്ച് സ്റ്റേക്ക് ഹോൾഡിംഗ് വകുപ്പുകളായ മോട്ടോർ വാഹനം, പൊതുമരാമത്ത്, പോലീസ്, ആരോഗ്യം, വിദ്യാഭ്യാസം എന്നിവയും ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളും തയ്യാറാക്കി സമർപ്പിക്കുന്ന പദ്ധതികൾ സൂക്ഷ്മപരിശോധന നടത്തി അതോറിറ്റി യോഗത്തിന്റെ തീരുമാനമനുസരിച്ച് തുക അനുവദിച്ച് നൽകുകയാണ് ചെയ്യുന്നത്. പദ്ധതിയുടെ നടത്തിപ്പ് ചുമതല സ്റ്റേക്ക് ഹോൾഡിംഗ് വകുപ്പുകൾക്കാണ്.

ഇത്തരത്തിൽ അനുവദിച്ച ഉകയുള്ള വിനിയോഗ സാക്ഷ്യപത്രം സ്റ്റോക്ക് ഹോൾഡിംഗ് വകുപ്പുകൾ ലഭ്യമാക്കാത്തതിനാൽ ഇടർ വർഷങ്ങളിൽ ടി വകുപ്പുകൾക്ക് ഇക അനുവദിക്കാനാവാത്ത സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നത്. ഇക്കാരണത്താൽ അതോറിറ്റിക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള ഇക പോലും തനത് സാമ്പത്തിക വർഷത്തിൽ മുഴുവനായും ചെലവഴിക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷമാണുള്ളത്. ആയതിനാലാണ് അതോറിറ്റിക്ക് അനുവദനീയമായ മുഴുവൻ ഇകയും അനുവദിക്കാത്തത്. അതോറിറ്റിക്ക് അധിക ഇക ആവശ്യമായി വരുമ്പോൾ അനുവദനീയമായ ഇക പൂർണ്ണമായും അനുവദിക്കുന്നതാണ്.

(ഗതാഗത വകുപ്പ് 10-5-2016-ലെ 9236/ഡി3/13/ഗതാ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 21-6-2017-ലെ യോഗത്തിൽ പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.)

സമിതി ആവശ്യപ്പെട്ട അധികവിവരം

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത സ്റ്റോക്ക് ഹോൾഡിംഗ് വകുപ്പുകളെ സംബന്ധിച്ചും ആവശ്യമായ പ്രൊപ്പോസലുകൾ സമർപ്പിക്കാത്ത ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളെ സംബന്ധിച്ച വിശദാംശങ്ങളടങ്ങുന്ന റിപ്പോർട്ട് ലഭ്യമാക്കുക.

(മറുപടി ലഭ്യമാക്കിയിട്ടില്ല).

ശിപാർശ (ഖണ്ഡിക 20)

റോഡ് സുരക്ഷാ അതോറിറ്റി ആക്ടിലെ 24-ാം വകുപ്പ് പ്രകാരം വാർഷിക റിപ്പോർട്ടിന്റെ മാതൃക ചട്ടത്തിൽ ഉൾപ്പെടുത്തി ചട്ടം ഭേദഗതി ചെയ്യണമെന്നും ആക്ടിലെ 24 (2) വകുപ്പ് പ്രകാരം 2012-13 വരെയുള്ള വാർഷിക റിപ്പോർട്ട് തയ്യാറാക്കി സഭ മുമ്പാകെ സമർപ്പിക്കണമെന്നും പ്രസ്തുത റിപ്പോർട്ട് പഠന വിധേയമാക്കാൻ സമിതിയ്ക്ക് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ 31-3-2016 വരെയുള്ള അക്കൗണ്ടുകൾ അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ഗതാഗത വകുപ്പ് 24-10-2017-ലെ 9236/ഡി2/13/ഗതാ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 25-10-2017-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ (ഖണ്ഡിക 21)

റോഡ് സുരക്ഷാ അതോറിറ്റിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് തടസ്സമായി നിൽക്കുന്നത് വ്യക്തമായ വ്യവസ്ഥകളുടെ അഭാവമാണെന്ന് സമിതിക്ക് ബോധ്യമുണ്ട്. ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ കൃത്യമായ കാലയളവുകളിൽ യോഗം ചേരാത്തത്

ജില്ലകൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കാത്തതിനുള്ള കാരണമായി സമിതി വിലയിരുത്തുന്നു. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിലും ഒരു കാര്യവും ക്രമപ്രകാരമല്ല നടക്കുന്നതെന്നും ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ വ്യക്തമല്ലെന്നും സമിതി വിലയിരുത്തുന്നു. ആക്ഷൻ പ്ലാനിന്റെ അടിസ്ഥാനത്തിലല്ലാതെ അഡ്ഹോക്കായി തുക ചെലവഴിക്കുന്നത് ഫണ്ട് ദുർവിനിയോഗത്തിലേക്ക് നയിക്കുന്നതായി കണ്ടെത്തിയ സമിതി അതോറിറ്റിക്ക് ലഭിക്കേണ്ട മുഴുവൻ തുകയും അനുവദിച്ച് നൽകാത്തത് നീതീകരിക്കാനാവില്ലെന്നും അഭിപ്രായപ്പെടുന്നു.

സ്വീകരിച്ച നടപടി

ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ യോഗം ചേരുന്നതിന്റെ കാലയളവ് നിശ്ചയിച്ചുകൊണ്ട് റോഡ് സുരക്ഷാ കമ്മീഷണർ സമർപ്പിച്ച ആക്ഷൻ ഭേദഗതിക്കുള്ള നിർദ്ദേശത്തിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ഗതാഗത വകുപ്പ് 10-5-2016-ലെ 9236/ഡി2/13/ഗതാ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 21-6-2017-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.)

സമിതി ആവശ്യപ്പെട്ട അധികവിവരം

ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ മാസത്തിൽ ഒരു തവണയും കേരള റോഡ് സുരക്ഷാ അതോറിറ്റി രണ്ട് മാസത്തിലൊരിക്കലും യോഗം ചേരുക.

(മറുപടി ലഭ്യമാക്കിയിട്ടില്ല.)

ശിപാർശ (ഖണ്ഡിക 22)

റോഡ് സുരക്ഷാ അതോറിറ്റി ആക്ടിലെ വ്യവസ്ഥകൾക്ക് അനുസൃതമായി സമഗ്രമായ ചട്ടങ്ങൾ തയ്യാറാക്കുകയും ഒരു നിശ്ചിത കാലയളവിനുള്ളിൽ അവ വിജ്ഞാപനം ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ചട്ടങ്ങൾ മുഖേന നിർണ്ണയിക്കപ്പെടേണ്ടതാണെന്ന് ആക്ടിൽ പ്രതിപാദിച്ചിട്ടുള്ള മിക്കവാറും വകുപ്പുകൾക്ക് അനുസൃതമായി ഇതിനകംതന്നെ ചട്ടങ്ങൾ രൂപീകരിച്ചിട്ടുള്ളതാണ്. ശേഷിക്കുന്ന വ്യവസ്ഥകൾക്കുള്ള ചട്ടങ്ങൾ തയ്യാറാക്കുന്നതിനുള്ള ശിപാർശ കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(ഗതാഗത വകുപ്പ് 10-5-2016-ലെ 9236/ഡി3/13/ഗതാ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 21-6-2017-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

ശിപാർശ (ഖണ്ഡിക 25)

കേരള റോഡ് സുരക്ഷാ അതോറിറ്റി പുനഃസംഘടിപ്പിക്കുമ്പോൾ അതിൽ ആക്ടിലെ 3(1)-ാം വകുപ്പ് പ്രകാരം റോഡ് സുരക്ഷാ മേഖലയിൽ വൈദഗ്ധ്യമുള്ള മൂന്ന് പേരെ അംഗങ്ങളായി ഉൾപ്പെടുത്തണമെന്നും പ്രസ്തുത വ്യക്തികൾ റോഡ് സുരക്ഷാ രംഗത്ത് പ്രവർത്തിച്ച് വൈദഗ്ധ്യമുള്ളവരായിരിക്കണമെന്ന് ഉറപ്പ് വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

റോഡ് സുരക്ഷാ മേഖലയിൽ വൈദഗ്ധ്യമുള്ള അംഗങ്ങളുടെ നിയമനത്തിനുള്ള നടപടി 382/ഡി3/2017/ഗതാ. നമ്പർ ഫയലിൽ ആരംഭിച്ചിട്ടുണ്ട്.

(ഗതാഗത വകുപ്പ് 24-10-2017-ലെ 9236/ഡി2/13/ഗതാ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 25-10-2017-ലെ യോഗം അംഗീകരിച്ചു.)

ശിപാർശ (ഖണ്ഡിക 27)

ആക്ടിൽ നിഷ്കർഷിച്ചിരിക്കുന്ന അതേ വാക്കുകളും പ്രയോഗങ്ങളും ആയിരിക്കണം ചട്ടങ്ങളിൽ വരേണ്ടതെന്ന് സമിതി ശിപാർശ ചെയ്യുന്നു. എസ്.ആർ.ഒ.കളുടെ സൂക്ഷ്മപരിശോധനയ്ക്കായി ഫയൽ നിയമ വകുപ്പിലേക്ക് കൈമാറുമ്പോൾ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

സ്വീകരിച്ച നടപടി

സമിതി നിർദ്ദേശം കർശനമായി പാലിക്കുന്നതാണ്.

(ഗതാഗത വകുപ്പ് 10-5-2016-ലെ 9236/ഡി3/13/ഗതാ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 21-6-2017-ലെ യോഗം അംഗീകരിച്ചു.)

ശിപാർശ (ഖണ്ഡിക 29)

മൂന്നാർ സ്പെഷ്യൽ ടൈബ്യൂണലിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനാവശ്യമായ ചട്ടങ്ങൾ ഉണ്ടാക്കേണ്ടത് അനിവാര്യമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

ശിപാർശ (ഖണ്ഡിക 32)

മൂന്നാർ സ്പെഷ്യൽ ടൈബ്യൂണൽ ആക്ടിലെ വകുപ്പ് 9(2) പ്രകാരം അപ്പീൽ സമർപ്പിക്കുന്നതിനുള്ള ഫാറം, ഫീസ് എന്നിവ എത്രയും വേഗം നിർണ്ണയിച്ച് സമയബന്ധിതമായി ചട്ടങ്ങൾ പുറപ്പെടുവിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

മൂന്നാർ സ്പെഷ്യൽ ടൈബ്യൂണൽ ആക്ട് പ്രകാരം ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സർക്കാർ സ്വീകരിച്ചുവരികയാണ്. കരട് ചട്ടങ്ങൾ തയ്യാറാക്കി ആയത്

നിയമ വകുപ്പ് പരിശോധിച്ച ശേഷം ടി. ചട്ടങ്ങളിന്മേലുള്ള ടൈബ്യൂണലിന്റെ അഭിപ്രായം കൂടി ആരായുന്നതിന് അയച്ചുകൊടുക്കുകയുണ്ടായി. ആയത് ടൈബ്യൂണൽ തിരിച്ച് നൽകുകയും ചട്ടങ്ങൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

(ആഭ്യന്തര വകുപ്പ് 24-7-2015-ലെ 64642/സി5/2013/ആഭ്യ.നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 22-9-2015-ലെ യോഗം പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.)

സമിതി ആവശ്യപ്പെട്ട അധികവിവരം

പ്രസ്തുത ചട്ടങ്ങൾ സംബന്ധിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുക.

(14-5-2019-ലെ യോഗം തുടർനടപടി സ്വീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.)

ശിപാർശ (ഖണ്ഡിക 30)

മൂന്നാർ സ്പെഷ്യൽ ടൈബ്യൂണൽ ആക്ടിലെ 3(7), 3(8) എന്നീ വകുപ്പുകൾക്ക് ചട്ടങ്ങൾ തയ്യാറാക്കി വിജ്ഞാപനം ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

മൂന്നാർ സ്പെഷ്യൽ ടൈബ്യൂണലിലെ ജീവനക്കാരുടെയും ഉദ്യോഗസ്ഥരുടെയും ശമ്പളവും ബത്തകളും സേവന വ്യവസ്ഥകളും നിർണ്ണയിക്കുന്നത് സംബന്ധിച്ചതാണ് മൂന്നാർ സ്പെഷ്യൽ ടൈബ്യൂണൽ ആക്ടിലെ 3 (7) വകുപ്പ്. മൂന്നാർ സ്പെഷ്യൽ ടൈബ്യൂണൽ ചെയർമാന്റെയും അംഗങ്ങളുടെയും ശമ്പളവും മറ്റ് സേവന വ്യവസ്ഥകളും നിർവ്വചിച്ചുകൊണ്ട് സ. ഉ. (എം.എസ്.) നമ്പർ 108/11/ആഭ്യന്തരം തീയതി 20-5-2011 പ്രകാരം സർക്കാർ ചട്ടങ്ങൾ നിർമ്മിച്ചിട്ടുള്ളതാണ്. 10-11-2012 തീയതിയിലെ സ.ഉ. (എം.എസ്.) നമ്പർ 248/10/ആഭ്യന്തരം പ്രകാരം മൂന്നാർ സ്പെഷ്യൽ ടൈബ്യൂണലിലെ വിവിധ തസ്തികകളിലേക്ക് നിയമനം നടത്തുന്നത് ജുഡീഷ്യൽ/സർക്കാർ സർവ്വീസിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ്. ആയതിനാൽ ടൈബ്യൂണലിലെ ജീവനക്കാർക്ക് ബാധകമായിട്ടുള്ള ശമ്പള സ്കെയിൽ മാതൃ സർവ്വീസിലെ സമാന തസ്തികകളിലെ ജീവനക്കാർക്ക് ബാധകമായിട്ടുള്ളതാണ്. കൂടാതെ ടൈബ്യൂണലിലെ ജീവനക്കാർക്ക് സ്പെഷ്യൽ പേ/സ്പെഷ്യൽ അലവൻസ് അനുവദിക്കണമെന്ന് ടൈബ്യൂണൽ ചെയർമാന്റെ ആവശ്യം സർക്കാർ പരിശോധിക്കുകയും ടൈബ്യൂണലിലെ ജീവനക്കാർക്ക് മാതൃവകുപ്പിലെ സമാന തസ്തികകളിലെ അലവൻസ് ഉൾപ്പെടെയുള്ള ശമ്പളമാണ് ബാധകമായിട്ടുള്ളതെന്നതിനാൽ H.R.A., C.C.A. എന്നിവയിൽ കുറവുവരാത്ത സാഹചര്യത്തിൽ സ്പെഷ്യൽ അലവൻസിന് അർഹതയില്ലായെന്ന് വിലയിരുത്തിയിട്ടുണ്ട്. ടൈബ്യൂണലിന്റെ പ്രവർത്തനത്തിന് വേണ്ട ധനപരവും ഭരണപരവുമായ അധികാരങ്ങൾ നിർണ്ണയിക്കുന്നത് സംബന്ധിച്ച ആക്ടിലെ 3(8) വകുപ്പിന് ചട്ടങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടിക്രമം

സർക്കാർ സ്വീകരിച്ചുവരികയാണ്. കരട് ചട്ടങ്ങൾ സബ്ജക്ട് കമ്മിറ്റിയുടെ മുമ്പാകെ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

(ആഭ്യന്തര വകുപ്പ് 24-7-2015-ലെ 64642/സി5/13/ആഭ്യ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 22-9-2015-ലെ സമിതി യോഗം പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.)

സമിതി ആവശ്യപ്പെട്ട അധികവിവരം

പ്രസ്തുത ചട്ടങ്ങൾ സംബന്ധിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുക.

(14-5-2019-ലെ യോഗം തുടർനടപടി സ്വീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.)

ശിപാർശ (ഖണ്ഡിക 33)

മൂന്നാർ സ്പെഷ്യൽ ടൈബ്യൂണലിന്റെ പ്രവർത്തനം നല്ല രീതിയിൽ മുന്നോട്ട് പോകുന്നതിന് ആഭ്യന്തരം, റവന്യൂ എന്നീ വകുപ്പുകളുടെ പ്രവർത്തന ഏകോപനം ആവശ്യമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

സ്വീകരിച്ച നടപടി

ടൈബ്യൂണലിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 9-7-2014-ൽ യോഗം ചേരുകയും ടൈബ്യൂണലിന്റെ സുഗമമായ നടത്തിപ്പിന് വേണ്ട നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട റവന്യൂ/ടൈബ്യൂണൽ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ആഭ്യന്തര വകുപ്പ് 24-7-2015-ലെ 64642/സി5/13/ആഭ്യ. നമ്പർ പ്രകാരം ലഭ്യമാക്കിയ മറുപടി 22-9-2015-ലെ സമിതി യോഗം പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.)

സമിതി ആവശ്യപ്പെട്ട അധികവിവരം

ടൈബ്യൂണലിന്റെ സുഗമമായ നടത്തിപ്പിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട റവന്യൂ/ടൈബ്യൂണൽ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയ സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കുക. ആഭ്യന്തരം, റവന്യൂ എന്നീ വകുപ്പുകളുടെ ഏകോപനത്തിനുള്ള സ്ഥിരം സംവിധാനം സംബന്ധിച്ച നടപടികൾ വ്യക്തമാക്കുക.

(14-5-2019-ലെ യോഗം തുടർനടപടി സ്വീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.)

ശിപാർശ (ഖണ്ഡിക 31)

മൂന്നാർ മേഖലകളിലെ ഭൂമി തർക്കവുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിന്റെ കൈവശമുള്ള കേസുകൾ എത്രയും വേഗം മൂന്നാർ പ്രത്യേക ടൈബ്യൂണലിലേക്ക് കൈമാറ്റം ചെയ്ത് സമിതിയെ അറിയിക്കുക.

സ്വീകരിച്ച നടപടി

2010-ലെ മൂന്നാർ പ്രത്യേക ടൈബ്യൂണൽ ആക്ട് (ആക്ട് 13) 14-6-2010-ൽ പ്രാബല്യത്തിൽ വന്നതോടുകൂടി മൂന്നാർ പ്രത്യേക ടൈബ്യൂണലിലെ നിയമത്തിലെ 4-ാം വകുപ്പ് പ്രകാരം ഹൈക്കോടതിയിലും സുപ്രീം കോടതിയിലും നിലനിൽക്കുന്നതൊഴികെയുള്ള എല്ലാ കേസുകളും അടിയന്തരമായി കൈമാറേണ്ടതാണെന്ന നിയമത്തിന്റെ അടിസ്ഥാനത്തിൽ വ്യവസ്ഥകൾക്ക് അനുസൃതമായി റവന്യൂ വകുപ്പിലെ വിവിധ ഓഫീസുകളിലുള്ള കേസുകൾ മൂന്നാർ പ്രത്യേക ടൈബ്യൂണലിന് കൈമാറിയിട്ടുള്ളതാണ്. മൂന്നാർ സ്പെഷ്യൽ ടൈബ്യൂണൽ മുമ്പാകെ 13-3-2015 വരെയുള്ള കാലയളവിൽ 526 കേസുകൾ നിലവിലുള്ളതാണ്. ആയതിൽ 101 കേസുകളിലാണ് ഗവൺമെന്റ് എതിർ കക്ഷിയായിട്ടുള്ളത്. സർക്കാർ എതിർ കക്ഷിയായിട്ടുള്ള 101 കേസുകളിൽ 66 കേസുകൾ തീർപ്പാക്കിയിട്ടുണ്ട്. 35 കേസുകൾ വിചാരണയിലിരിക്കുന്നുണ്ട്. സർക്കാർ താല്പര്യത്തിന് വിരുദ്ധമായി MTOP 45/2011-ലെ ഉത്തരവിനെതിരെ ബഹു. ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. ടൈബ്യൂണൽ പരിധിയിൽ വരുന്ന ഭൂപ്രദേശത്തെ സംബന്ധിച്ച കേസുകൾ അതാത് കോടതികളിൽ നിന്നും ബഹു. ടൈബ്യൂണലിലേക്ക് കൈമാറിവരുന്നതായും ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ഇടുക്കി ജില്ലാ കളക്ടർ ഉൾപ്പെടെ റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരെ എതിർ കക്ഷികളായി ചേർത്തിട്ടുള്ളതുമായി 147 വ്യവഹാരങ്ങൾ നിലവിൽ മൂന്നാർ ടൈബ്യൂണലിൽ പരിഗണിക്കപ്പെടുന്നതായി ഇടുക്കി ജില്ലാ കളക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ദേവികുളം റവന്യൂ ഡിവിഷണൽ ഓഫീസർ 14 കേസുകളും ഉടുമ്പൻചോല തഹസിൽദാർ 4 കേസുകളും മൂന്നാർ ടൈബ്യൂണലിൽ പരിഗണിക്കുന്നതിനായി ടൈബ്യൂണലിലേക്ക് കൈമാറിയിട്ടുള്ള വിവരവും ഇടുക്കി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട കേസുകൾ മൂന്നാർ ടൈബ്യൂണലിന് കൈമാറുന്നതിൽ റവന്യൂ വകുപ്പ് വിമുഖത കാട്ടുന്നില്ല.

(റവന്യൂ വകുപ്പ് 2-6-2015-ലെ 33656/എ 2/2015/റവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 22-9-2015-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അധികവിവരം ആവശ്യപ്പെടുകയും ചെയ്തു.)

സമിതി ആവശ്യപ്പെട്ട അധികവിവരം

സർക്കാർ പ്രതിയായ കേസുകൾ ഏതെല്ലാമെന്നും എത്ര കേസുകൾ സർക്കാർ കൊടുത്തിട്ടുണ്ടെന്നും ഏതെല്ലാം കേസുകളിൽ വിധി വന്നിട്ടുണ്ടെന്നും എത്ര കേസുകൾ ടൈബ്യൂണലിന് കൈമാറിയിട്ടുണ്ടെന്നുമുള്ള കൃത്യമായ വിവരം നൽകുക.

അധികവിവരത്തിന്മേൽ സ്വീകരിച്ച നടപടി

ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിലെ ചിന്നക്കനാൽ, ശാന്തൻപാറ, ബൈസൺവാലി, ആനവിലാസം, ദേവികുളം താലൂക്കിലെ കെ.ഡി.എച്ച്., വെള്ളത്തൂവൽ, പള്ളിവാസൽ, ആനവിരട്ടി വില്ലേജുകൾ ഉൾപ്പെടുന്ന മൂന്നാർ പ്രദേശത്തെ ഭൂമി

സംബന്ധമായി വിവിധ കോടതികളിൽ തീർപ്പാകാതെ ബാക്കി നിൽക്കുന്ന മുഴുവൻ കേസുകളും, മൂന്നാർ സ്പെഷ്യൽ ടൈബ്യൂണലിന് കൈമാറി വിവരം റിപ്പോർട്ട് ചെയ്യുന്നതിന് ദേവീകുളം റവന്യൂ ഡിവിഷണൽ ഓഫീസറെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുള്ളതായി ഇടുക്കി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഹർജികൾ കൈകാര്യം ചെയ്യുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും ടൈബ്യൂണലിനെ സഹായിക്കുന്നതിന് ഒരു ഗവൺമെന്റ് പ്ലീഡറും മറ്റ് ജീവനക്കാരും നിയമിതരായിട്ടുണ്ട്.

